**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആസ്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആസ്തികളുടെ രജിസ്റ്റർ ഭൗതികമായ പരിശോധന നടത്തി കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും അതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി 29.09.2022-ലെ സ.ഉ.(സാധാ)നം. 2379/2022/ത.സ്വ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് ആസ്തികളുടെ വിവരശേഖരണം ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. റോഡിതര ആസ്തികളുടെ വിവരശേഖരണം ഉടൻ ആരംഭിക്കുന്നതാണ്.** |
| (ബി) | ഇത്തരത്തിൽ വിട്ടുകിട്ടിയ ആസ്തികളുടെ പേരുകൾ അതത് സ്ഥലത്ത് ബോർഡ് രൂപത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; | (ബി) | വിട്ടുകിട്ടിയ ആസ്തികളിലെ ആഫീസ് കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യത വരാതെ ആവശ്യമായ തുക സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ അനുവദിച്ച് കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഇതിന് നിയമ തടസം ഉള്ളതായി കാണുന്നില്ല |

സെക്ഷൻ ഓഫീസർ